തിരികെ ലഭിക്കുന്ന മുറയ്ക്ക് പഞ്ചായത്തിന്റെ അനുമതിയോടെ പട്ടയ നടപടി സ്വീകരിക്കുന്നതാണ്. കൊശമറ്റം, വലിയപാറ നിവാസികൾ അപേക്ഷ സമർപ്പിച്ചിട്ടില്ല. അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(സി) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നിയമാനുസരണം അർഹതയുള്ള കേസുകളിൽ പട്ടയങ്ങൾ നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

കണ്ണൻ ദേവൻ കമ്പനിയുടെ കൈവശമുള്ള വനഭൂമി

21 [1313] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, വി. ബാലറാം:
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, കെ. എ. ചന്ദ്രൻ:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ കണ്ണൻ ദേവൻ കമ്പനിയുടെ കൈവശത്തിലിരുന്ന എത്ര ഹെക്ടർ ഭൂമിയാണ് സർക്കാർ ഏറ്റെടുത്തിട്ടുള്ളത്;

(ബി) ഇതിൽ എത്ര ഹെക്ടർ ഭൂമി വനം വകുപ്പിന് വിട്ടുകൊടുക്കണമെന്നാണ് ഇതിനായി രൂപീകരിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ട് നൽകിയിട്ടുള്ളതെന്നും എന്നാണ് റിപ്പോർട്ട് നൽകിയത് എന്നും അറിയിക്കുമോ;

(സി) ഇതനുസരിച്ച് ഭൂമി വനം വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നും വ്യക്തമാക്കുമോ;

(ഡി) വനം വകുപ്പിനെ ഏൽപ്പിക്കുവാൻ ഉദ്ദേശിച്ച ഭൂമിയിൽ എത്ര കയ്യേറ്റക്കാരുണ്ട് എന്നും ഇവ ഒഴിപ്പിക്കാത്തത് എന്തുകൊണ്ടാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) 29-3-1974-ലെ ലാന്റ് ബോർഡ് അവാർഡ് പ്രകാരം 70522.12 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

(ബി) തനത് സ്ഥിതിയിൽ നിലനിർത്തേണ്ടതായി 43,452.80 ഏക്കർ ഭൂമിയും വനവൽക്കരണത്തിനായി 17,922 ഏക്കർ ഭൂമിയും അങ്ങനെ ആകെ 61,374.80 ഏക്കർ ഭൂമി വനം വകുപ്പിന് കൈമാറുവാൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.. വിദഗ്ദ്ധ സമിതി റിപ്പോർട്ട് നൽകിയത് 1977-ലാണ്.

(സി) 10,458.73.65 ഹെക്ടർ ഭൂമി വനം വകുപ്പിന് കൈമാറിയിട്ടുണ്ട്. റീ സർവേ നടപടികൾ പൂർത്തീകരിക്കാത്തതിനാൽ ബാക്കി ഭൂമി കൈമാറാൻ കഴിഞ്ഞിട്ടില്ല.

(ഡി) കൃത്യമായ കണക്ക് ഇപ്പോൾ ലഭ്യമല്ല. പല കയ്യേറ്റക്കാരും ഹൈക്കോടതിയിൽ നിന്നും കുടിയൊഴിപ്പിക്കലിനെതിരെ സ്റ്റേ വാങ്ങുന്നതിനാലാണ് ഇത് സാധിക്കാത്തത്.

LIBRARY ARCHIVES Kerala Legislative Assembly

കണ്ണൻദേവൻ കമ്പനി ഭൂമികയ്യേറ്റം

22 [1314] ശ്രീ. വി. ബാലറാം:
,, പി. ടി. തോമസ്:
,, എ. പി. അനിൽകുമാർ:
,, ടി. എൻ. പ്രതാപൻ:
,, വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൻദേവൻ കമ്പനിയിൽ നിന്നും ഏറ്റെടുത്ത ഭൂമി കയ്യേറിയവരിൽ എത്രപേരുടെ മേൽ എൽ. സി. കേസെടുത്തിട്ടുണ്ട്;

(ബി) നിരോധനക്കരം ചുമത്തി, കണ്ണൻ ദേവൻ കമ്പനിയിൽ നിന്നും ഏറ്റെടുത്ത ഭൂമി പതിച്ചുകൊടുക്കാൻ വ്യവസ്ഥയില്ലെന്ന് ദേവികുളം തഹസീൽദാർ ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ കയ്യേറ്റക്കാരുടെ മേൽ എപ്രകാരമാണ് എൽ. സി. കേസെടുത്തിട്ടുള്ളതെന്നും നിരോധനക്കരം ചുമത്തിയതെന്നും വിശദമാക്കുമോ?

ഉത്തരം

(എ) 85 അനധികൃത കയ്യേറ്റക്കാരുടെ പേരിൽ എൽ. സി. നിയമപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കെ. ഡി. എച്ച്. (റിസംപ്ഷൻ ഓഫ് ലാന്റ്സ്) നിയമം 1971 സെക്ഷൻ 10 പ്രകാരം കെ. ഡി. എച്ച്. വില്ലേജിലെ അനധികൃത കയ്യേറ്റക്കാരുടെ മേൽ സമ്മറി എവിക്ഷൻ വ്യവസ്ഥ ചെയ്തിട്ടുള്ളതാണെങ്കിലും അതിനു സാധിക്കാത്ത സാഹചര്യത്തിൽ കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് എൽ. സി. ആക്റ്റ് 1957 പ്രകാരം നടപടി സ്വീകരിക്കുകയാണ് ചെയ്തത്.